"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്- മെഡിക്കൽ വിദ്യാഭ്യാസം- SASCI സ്കീം മുഖേന ഇടുക്കി സർക്കാർ മെഡിക്കൽ കോളേജിലെ ഓപ്പറേഷൻ തീയേറ്റർ ഉപകരണങ്ങൾ വാങ്ങുന്നതിനായി നൽകിയ തുകയിൽ ശേഷിച്ച തുക ഉപയോഗിച്ച് അനസ്തേഷ്യ വിഭാഗത്തിലേയ്ക്ക് ഉപകരണങ്ങൾ വാങ്ങുന്നതിന്- ഭരണാനുമതിയും ക്രയാനുമതിയും നൽകി ഉത്തരവാകുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (പി) വകുപ്പ്**

G.O.(Rt)No.869/2026/H&FWD തീയതി,തിരുവനന്തപുരം, 04-03-2026

---

പരാമർശം:- 1. സ.ഉ.(സാധാ) നമ്പർ 3986/2025/ആ.കു.വ തീയതി 26.12.2025.

2. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 22.02.2026 ലെ പിബി2-2798/2025/മെ.വി.വ നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം SASCI സ്കീം പ്രകാരം ഇടുക്കി സർക്കാർ മെഡിക്കൽ കോളേജിലെ ഓപ്പറേഷൻ തീയേറ്റർ ഉപകരണങ്ങൾ വാങ്ങുന്നതിനായി ₹1,59,80,200/- രൂപയുടെ ഭരണാനുമതിയും ക്രയാനുമതിയും അനുവദിച്ച് ഉത്തരവായിരുന്നു. എന്നാൽ ഇടുക്കി സർക്കാർ മെഡിക്കൽ കോളേജിലെ ഓപ്പറേഷൻ തീയേറ്റർ ഉപകരണങ്ങൾ വാങ്ങുന്നതിന് അനുമതി ലഭിച്ചതിൽ ₹1,50,46,637/- രൂപയുടെ വിതരണ ഉത്തരവ് നൽകിയതിനുശേഷം ₹9,33,563/- രൂപ ബാക്കിയുണ്ടെന്നും മേൽ തുക ഉപയോഗിച്ച് അനസ്തേഷ്യ വിഭാഗത്തിന് ₹8,97,481/- രൂപയുടെ ഉപകരണങ്ങൾ വാങ്ങുന്നതിന് ഭരണാനുമതിയും ക്രയാനുമതിയും നൽകണമെന്ന് പരാമർശം (2) ലെ കത്ത് പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. Setting up of Modular Operation Theatre with Equipments and Medical Gas Pipelines' എന്ന പദ്ധതിക്കായി SASCI ഫണ്ടിൽ നിന്നും ലഭ്യമായ ₹5.20 കോടി രൂപയിൽ നിന്നും ₹1,59,80,200/- രൂപ വിനിയോഗിച്ച് ഇടുക്കി സർക്കാർ മെഡിക്കൽ കോളേജിലെ ഓപ്പറേഷൻ തീയേറ്റർ ഉപകരണങ്ങൾ വാങ്ങുന്നതിന് **'4210-03-105-66-01(P)'** എന്ന ശീർഷകത്തിൽ നിന്നും അനുമതി നൽകിയ ₹1,50,46,637/- രൂപയിൽ പ്രസ്തുത ഉപകരണങ്ങൾ വാങ്ങാൻ വിതരണ ഉത്തരവ് നൽകിയതിനു ശേഷമുള്ള ₹9,33,563/- രൂപയിൽ നിന്നും **₹8,97,481/- രൂപ(എട്ട് ലക്ഷത്തി തൊണ്ണൂറ്റി ഏഴായിരത്തി നാനൂറ്റി എൺപത്തി ഒന്ന് രൂപ മാത്രം)** ഉപയോഗിച്ച് ഇടുക്കി സർക്കാർ മെഡിക്കൽ കോളേജിലെ അനസ്തേഷ്യ വിഭാഗത്തിന് ചുവടെ പട്ടികയിൽ വിവരിക്കും പ്രകാരം ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ഭരണാനുമതിയും ക്രയാനുമതിയും നൽകി ഉത്തരവാകുന്നു.

| Sl. No | Item | Department | No. of Units | Unit Rate | Amount |
|---|---|---|---|---|---|
| 1 | Multi para monitor with IBP and Central Monitoring System | Modular OT | 1 | 8,38,950.76 | 8,38,950.76 |
| 2 | Sphygmomano meter Stand Model | Modular OT | 1 | 9126.86 | 9126.86 |
| 3 | Mayo Stand | Modular OT | 9 | 4419.1 | 39771.9 |
| 4 | Weighing machine adult & BP Apparatus | Modular OT | 2 | 4815.96 | 9631.92 |
| | | **Total** | **13** | | **8,97,481.44/-** |

3. പ്രസ്തുത പർച്ചേസുകൾ SASCI മാനദണ്ഡങ്ങൾ പ്രകാരവും കാലാകാലങ്ങളിലെ സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിലും മാത്രം നടത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUBHASH R
ADDITIONAL SECRETARY

പകർപ്പ്

മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ, മെഡിക്കൽ കോളേജ് , ഇടുക്കി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ്) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ, (എ&ഇ) കേരള, തിരുവനന്തപുരം

ധനകാര്യ(ഹെൽത്ത്-എ) വകുപ്പിന് (അറിവിലേയ്ക്കായി)

ഡയറക്ടർ ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പ്

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി (HEALTH-P2/158/2025-HEALTH-Part(1) )

ഉത്തരവിൻ പ്രകാരം

Signed by
Gayathri G
Date: 04-03-2026 13:04:59
സെക്ഷൻ ഓഫീസർ